# വിശ്വാസ് പുരസ്കാരം ഡോ.പി.ആർ.ജി. മാത്തൂരിന്

പാലക്കാട് ● കുറ്റകൃത്യങ്ങളിൽ ഇരകളായവരുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്ന വിശ്വാസിന്റെ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം നരവംശ വിദഗ്ധനും കിർത്താഡ്സ് മുൻ ഡയറക്ടറുമായ ഡോ.പി.ആർ.ജി. മാത്തൂരിന്.

വിശ്വാസ് പ്രസിഡന്റും ജില്ലാ കലക്ടറുമായ മൃൺമയി ജോഷി ഇന്ന് അദ്ദേഹത്തിന്റെ വസതിയിലെത്തി സമ്മാനിക്കും. ആറു പതിറ്റാണ്ടായി നരവംശ ശാസ്ത്രമേഖലയിൽ പ്രവർത്തിച്ചു വരുന്ന ഡോ. പി.ആർ.ജി. മാത്തൂർ രാജ്യാന്തര തലങ്ങളിൽ ഒട്ടേറെ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ഗവേഷണങ്ങൾക്കു നേതൃത്വം നൽകുകയും പുസ്തകങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടിയിലെയും വയനാടിലെയും ആദിവാസി ക്ഷേമത്തിനുവേണ്ടിയും പ്രവർത്തിച്ചു.



ഡോ.പി.ആർ.ജി. മാത്തൂർ

manorama